ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതിന് താഴെപ്പറയുന്ന രീതിയിലുള്ള സമ്പ്രദായമാണ് നിലവിലുള്ളത്.

1. പ്രൊവിഷണൽ ഇൻവോയിസ് കാർഡ്
2. സ്പോട്ട് ബില്ലിംഗ്
3. സെൽഫ് മീറ്റർ റീഡിംഗ്
4. എല്ലാ വ്യവസായിക ഉപഭോക്താക്കൾക്കും, 10 കിലോവാട്ടിൽ കൂടുതൽ കണക്ടഡ് ലോഡുള്ള മറ്റെല്ലാ ഉപഭോക്താക്കൾക്കും പ്രതിമാസ ബില്ലിംഗാണ് നിലവിലുള്ളത്. എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലിംഗാണ്.

(ബി) 77 സെക്ഷനുകളിൽ

(സി) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം സംസ്ഥാനത്തൊട്ടാകെ ഘട്ടംഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്നു. അടുത്ത ഘട്ടമായി 142 സെക്ഷനുകളിൽ കൂടി 1-6-2000 മുതൽ സ്പോട്ട് ബില്ലിംഗ് നടപ്പാക്കാൻ 7-3-2000-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ മുന്നോടിയായി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം ഈസ്റ്റ് ഡിവിഷന്റെ കീഴിലുള്ള എല്ലാ സെക്ഷൻ ആഫീസുകളിലും ക്യാഷ് കളക്ഷൻ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതി നിലയങ്ങളുടെ സ്ഥാപിതശേഷി

88 (2666) ശ്രീ. വി. ബാലറാം :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-മാണ്ടിൽ കേരളത്തിൽ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമാണ് ;

(ബി) നിലവിലുള്ള ഓരോ വൈദ്യുതി നിലയങ്ങളുടെയും സ്ഥാപിതശേഷി എത്രയാണ് ;

(സി) ഇവ ഓരോന്നിൽ നിന്നും സ്ഥാപിതശേഷിയുടെ എത്ര ശതമാനം ഇപ്പോൾ പ്രയോജനപ്പെടുത്തുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 ഏപ്രിൽ മാസം മുതൽ 2000 മാർച്ച് മാസം വരെയുള്ള കാലയളവിൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത ഉദ്ദേശം 11776 മില്യൻ യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

വൈദ്യുതി നിലയം	സ്ഥാപിതശേഷി
ജലവൈദ്യുതി	(മെ.വാ.)
1. കുറ്റ്യാടി	75
2. ഷോലയാർ	54
3. പെരിങ്ങൽകുത്ത്	32
4. പി.എൽ.ബി.ഇ.	16
5. ഇടമലയാർ	75
6. പള്ളിവാസൽ	37.5
7. ചെങ്കുളം	46
8. പന്നിയാർ	30
9. നേരിയമംഗലം	45
10. ഇടുക്കി	780
11. ശബരിഗിരി	300
12. കല്ലട	15
13. പേപ്പാറ	3
14. ലോവർപെരിയാർ	180
15. മാട്ടുപ്പെട്ടി	2
16. കക്കാട്	50
17. മണിയാർ	12
താപവൈദ്യുതി	
ബ്രഹ്മപുരം താപനിലയം	106.6
കോഴിക്കോട് താപനിലയം	120
എൻ.റ്റി.പി.സി. കായംകുളം	350
ബി.എസ്.ഇ.എസ്. കൊച്ചി	40

(സി) ഫെബ്രുവരി മാസത്തിലെ കണക്കനുസരിച്ചുള്ള പീക് ഡിമാന്റ് മെഗാവാട്ട് സ്ഥാപിത ശേഷിയുടെ ശതമാനമായി താഴെ കൊടുക്കുന്നു.

ജലവൈദ്യുതി

1.	പെരിങ്ങൽകുത്ത്	81%(ഒരു മെഷീൻ മെയിന്റനൻസ്)
2.	പി.എൻ.ബി.ഇ.	100%
3.	ഷോളയാർ	100%
4.	ഇടമലയാർ	48% (ഒരു മെഷീൻ റിപ്പയറിൽ)
5.	പള്ളിവാസൽ	75% (")
6.	ചെങ്കുളം	75% (")
7.	കക്കാട്	92%

LIBRARY ARCHIVES Kerala Legislative Assembly

8.	പന്നിയാർ	100%
9.	നേരിയമംഗലം	71% (ഒരു മെഷീൻ റിപ്പയറിൽ)
10.	ലോവർ പെരിയാർ	97%
11.	ഇടുക്കി	90%
12.	ശബരിഗിരി	100%
13.	കല്ലട	93%

താപവൈദ്യുതി

കോഴിക്കോട് താപനിലയം	100%
ബ്രഹ്മപുരം താപനിലയം	94%
എൻ.ടി.പി.സി. കായംകുളം	94%

കെ.എസ്.ഇ.ബി. യിലെ ചീഫ് എഞ്ചിനീയർ തസ്തിക

89 (2667) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ഇപ്പോൾ എത്ര ചീഫ് എഞ്ചിനീയർ മാരുണ്ട് ;

(ബി) ഇവർ ഓരോരുത്തരുടെയും ചുമതലകൾ എന്തെല്ലാമാണ് ;

(സി) 1991-ൽ എത്ര ചീഫ് എഞ്ചിനീയർമാരുണ്ടായിരുന്നു ;

(ഡി) ഇനിയും ചീഫ് എഞ്ചിനീയർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി. യിൽ ആഫീസർ വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 18.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 16

(ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പുനഃസംഘടനയുടെ ഭാഗമായി വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ ആവശ്യമായ തസ്തികകൾ സംബന്ധിച്ച വ്യക്തത വരുകയുള്ളൂ.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly